LIBRARY ARCHIVES Kerala Legislative Assembly

അഗ്നിശമനസേനയിലെ സ്കൂബ മുങ്ങൽ വിദഗ്ധ സംഘം

260 (2088) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഗ്നിശമനസേനയിലെ സ്കൂബ മുങ്ങൽ വിദഗ്ദ്ധ സംഘത്തിൽ എത്ര അംഗങ്ങളുണ്ട് ; ഇവർ നാളിതുവരെ എത്ര ഓപ്പറേഷനുകളിൽ പങ്കെടുത്തിട്ടുണ്ട് ;

(ബി) അഗ്നിശമന സേനയിലെ മുങ്ങൽ വിദഗ്ദ്ധരുടെ പ്രത്യേക ടീമായ സ്കൂബ വിഭാഗത്തിലെ അംഗങ്ങൾക്ക് സേനയിലെ സമാന തസ്തികയിലുള്ളവരേക്കാൾ സാമ്പത്തിക ആനുകൂല്യം ഒന്നും നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രത്യേക വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരും അത്യന്തം അപകടകരമായ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്ന ഇവർക്ക് സേനയിലെ സമാന തസ്തികയിലുള്ളവർക്ക് നൽകുന്ന വേതനം തന്നെ നൽകുന്നത് അനീതിയല്ലേ ;

(ഡി) പ്രസ്തുത വിഭാഗത്തിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് പുതിയ ശമ്പള പരിഷ്കരണ റിപ്പോർട്ടിൽ ശുപാർശയുണ്ടോ ; ഇല്ലെങ്കിൽ ആയത് അനുവദിച്ച് നൽകുന്നതിന് പ്രത്യേക തീരുമാനം കൈക്കൊള്ളുന്ന കാര്യം പരിഗണിയ്ക്കുമോ ;

(ഇ) പ്രസ്തുത വിഭാഗത്തിന് മറ്റ് അംഗങ്ങളെപ്പോലെ സാമ്പത്തിക ആനുകൂല്യവും ലഭിക്കാത്തത് സ്കൂബ ടീം അംഗങ്ങളുടെ മനോവീര്യം കെടുത്തുന്നതും ഇതിലേക്കുള്ള താത്പര്യം കുറയ്ക്കുന്നതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വളരെയേറെ ആഴമുള്ള ജലാശയങ്ങളിലും ഡാമുകളുടെ അടിത്തട്ടിലും മുങ്ങൽ നടത്തേണ്ടിവരുന്ന പ്രസ്തുത ടീം അംഗങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

(എ) 158 അംഗങ്ങൾ. ഇവർ നാളിതുവരെ 330 ഓപ്പറേഷനുകളിൽ പങ്കെടുത്തിട്ടുണ്ട്.

(ബി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂബ മുങ്ങൽ വിദഗ്ധർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ഇല്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇവർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(എഫ്) സ്കൂബാ ഡൈവിംഗ് ഉൾപ്പെടെയുള്ള എല്ലാ റെസ്ക്യൂ ഓപ്പറേഷനുകളിലും പങ്കെടുക്കുന്നവർക്ക് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്.